മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: അഞ്ചു മണിക്കു തന്നെ വരുന്നതിനു എല്ലാവരും ആസ്പത്രിയുടെ അടുത്തുള്ള ആളുകളായിരിക്കയില്ല. അന്യദിക്കിൽനിന്നു വരുന്നവരും ഉണ്ടാകും. അവർ പുറത്തു കാത്തുനിൽക്കേണ്ടി വരുകയില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അന്യദിക്കിൽനിന്നു വരുന്നവരുണ്ടാകും. പുറമെ താമസിക്കുന്നവരുണ്ടായിരിക്കും. ഇതിനും പുറമെ ആശുപത്രിക്കുള്ളിൽ വല്ല മുക്കിലൊ മറ്റൊ വന്നു താമസിക്കുന്നവരുമുണ്ടെന്നു കണ്ടിട്ടുണ്ട്. അതു നിയമത്തിനു വിരോധമാണെന്നു കണ്ടിട്ട് അവരെ പുറത്താക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

IRINJALAKKUDA VILLAGE OFFICE & REVENUE INSPECTOR'S OFFICE—ACCOMMODATION OF

184. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) ഇരിങ്ങാലക്കുട വില്ലേജുകച്ചേരിയും റവന്യു ഇൻസ്പെക്ടരുടെ ആപ്പീസും ഇപ്പോൾ ഒരു കെട്ടിടത്തിലല്ലെ നടത്തിവരുന്നതു;

(ബി) ഈ രണ്ടു ആപ്പീസുംകൂടി ഒരുമിച്ചു നടത്തുവാൻ പ്രസ്തുത കെട്ടിടത്തിൽ വേണ്ട സൌകര്യമുണ്ടൊ;

(സി) ഇപ്പോഴത്തെ മുകുന്ദപുരം താസിൽദാർ മിസ്റ്റർ എം. വി. സംഗമേശ്വരയ്യരും ഈ കെട്ടിടത്തിലല്ലെ താമസം;

(ഡി) അതെ എങ്കിൽ എന്നുമുതൽക്കാണു അവിടെ താമസമാക്കിയതു;

(ഇ) ഇപ്പോഴത്തെ റവന്യു ഇൻസ്പെക്ടർ ചാർജ്ജു് എടുത്തതിനുശേഷമാണൊ താമസം അവിടേക്കു മാറിയതു;

(എഫ്) ഇപ്പോഴത്തെ റവന്യു ഇൻസ്പെക്ടർ ചാർജ്ജെടുക്കുന്നതിനു മുമ്പുണ്ടായിരുന്ന റവന്യു ഇൻസ്പെക്ടർ സമ്മതിക്കാതിരുന്നതുകൊണ്ടാണൊ അന്നു അവിടെ താസിൽദാർ താമസിക്കാതിരുന്നതു;

(ജി) താസിൽദാർ അവിടെ താമസിക്കുന്നതിനു് ഗവൺമെണ്ടു അനുവദിച്ചിട്ടുണ്ടൊ;

(എച്ച്) ഉണ്ടെങ്കിൽ ആരാണു, എന്നാണു അനുവാദം കൊടുത്തതു;

(ഐ) ഈ കെട്ടിടത്തിൽതന്നെയല്ലെ ഗ്രെയിൻ പച്ചെയിസിംഗ് പാവ്ത്യക്കാരന്റെ കച്ചേരിയും നടത്തുന്നതു?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

(എ) അല്ല.

(ബി) ഒന്നാംചോദ്യത്തിന്റെ മറുപടികൊണ്ടു ഇതിനു മറുപടി ആവശ്യമില്ല.

(സി) ഈ കെട്ടിടത്തിൽ താമസമില്ല. എന്നാൽ ആപ്പീസ് സമയംവിട്ട് ആപ്പീസ് കടലാസ്സുകൾ നോക്കുവാനും സൂക്ഷിപ്പാനുംവേണ്ടി ഒരു മുറി ഉപയോഗിച്ചുവന്നിരുന്നു. ഇപ്പോൾ ആപ്പീസു കടലാസ്സുകൾ നോക്കുന്നതും താസിൽദാരുടെ വീട്ടിൽവെച്ചുതന്നെയാണു.

(ഡി) ൨-ാം ചോദ്യത്തിന്റെ മറുപടികൊണ്ടു് ഇതിനു മറുപടി ആവശ്യമില്ല.

(ഇ) താമസമില്ല. ൨-ാം ചോദ്യത്തിന്റെ മറുപടിയിൽ പറയുന്ന ആവശ്യത്തിനു് ഉപയോഗിച്ചു തുടങ്ങിയതു് ഇപ്പോഴത്തെ റവന്യു ഇൻസ്പെക്ടർ ചാർജ്ജെടുത്തതിനുശേഷമാണു.

(എഫ്) അല്ല. അന്നു സൌകര്യമായി വേറെ സ്ഥലം ഉണ്ടായിരുന്നതുകൊണ്ടു് ഇതിനു ആവശ്യമുണ്ടായിരുന്നില്ല.

(ജി) താമസം ഇല്ലാത്തതുകൊണ്ടു് അനുവാദം ആവശ്യമില്ല.

(എച്ച്) ൭-ാം ചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഈ ചോദ്യത്തിനു മറുപടി ആവശ്യമില്ല.

(ഐ) അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇരിങ്ങാലക്കുട വില്ലേജ് കച്ചേരിയും റവന്യു ഇൻസ്പെക്ടരുടെ ആപ്പീസും ഒരു കെട്ടിടത്തിലല്ലായിരുന്നു എന്നു പറഞ്ഞുവല്ലൊ. വില്ലേജ് പാവ്ത്യം, ഗ്രെയിൽ പർച്ചെയിസിംഗ് പാവ്ത്യം, ഗ്രെയിൻ പച്ചെയിസിംഗ് ആപ്പീസർ എന്നിവരുടെ ആപ്പീസ് ഒരു കെട്ടിടത്തിലല്ലെ നടത്തി വന്നിരുന്നതു?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അല്ലെന്നാണു് അറിയുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ വില്ലേജ് കച്ചേരി കൂടാതെ റവന്യു ഇൻസ്പെക്ടർക്കു വേറെ ആപ്പീസുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി.ആർ. ഇയ്യുണ്ണി. റവന്യൂ ഇൻസ്പക്ടരെ സംബന്ധിച്ചിടത്തോളം അയാൾ താമസിക്കുന്ന സ്ഥലമാണ് അയാളുടെ ആപ്പീസ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വില്ലേജ് കച്ചേരിയിലായിരുന്നില്ലെ റവന്യൂ ഇൻസ്പെക്ടരുടെ ആപ്പീസ്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: റവന്യൂ ഇൻസ്പെക്ടർ താമസിക്കുന്ന സ്ഥലമാണ് അവരുടെ ആപ്പീസ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു് ഗവൺമെണ്ടു വക കെട്ടിടമല്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വില്ലേജ് കച്ചേരി ആ കെട്ടിടത്തിലാണൊ നടത്തുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗ്രെയിൻ പർച്ചെയിസിംഗ് ആപ്പീസ്സരുടെ ആപ്പീസ്സും അവിടെ തന്നെയാണൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ ഉത്തരത്തിൽ പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവസാനത്തെ ചോദ്യത്തിന്നു അതെ, എന്നു മറുപടി പറഞ്ഞിട്ടുണ്ടല്ലൊ? അപ്പോൾ അവിടെയല്ല ഈ മുന്നാപ്പീസ്സുംകൂടി നടത്തിയിരുന്നതു് എന്നു് പറയുവാനുള്ള കാരണം മനസ്സിലാകുന്നില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: റവന്യൂ ഇൻസ്പെക്ടരുടെ ആപ്പീസ്സ് അദ്ദേഹത്തിന്റെ താമസസ്ഥലത്തായിരുന്നു.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഈ റവന്യൂ ഇൻസ്പെക്ടർ ആരാണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: രാമകൃഷ്ണമേനോൻ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: താമസിക്കുന്ന സ്ഥലത്തുതന്നെ ആപ്പീസ്സും നടത്തുന്നവരായി എത്ര പേരുണ്ടു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പലരെയുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ ദുഷിച്ച സമ്പ്രദായം മാറ്റാറാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇവർക്കൊക്കെ സൌകര്യമുണ്ടാക്കുവാനായിട്ടു് പണത്തിന്റെ സ്ഥിതിയനുസരിച്ചു് ഇപ്പോൾ സാദ്ധ്യമല്ല. നോട്ടീസ്സു വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഉദ്യോഗസ്ഥന്മാരുടെ ഭാരവാഹിത്വം ശരിക്കു പാലിക്കുവാനും, ആപ്പീസ്സു സംബന്ധമായ ആവശ്യങ്ങൾക്കു് അവരെ കാണുവാനായി അവരുടെ വീട്ടിൽ പോകാതെ കഴിക്കുവാനും, ആപ്പീസ്സിൽ തന്നെ നേരിട്ടുപോയി പറയേണ്ടതു വേണ്ടുന്ന മാതിരിയിൽ പറഞ്ഞു അതിനനുസരിച്ചു ഉത്തരവുണ്ടാകുവാനും സാധിക്കത്തക്കതരത്തിൽ ഉള്ള വല്ല ഏർപ്പാടും ചെയ്യുവാൻ ഇന്നത്തെ ഗവൺമെണ്ടിനു സാധിക്കുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: എല്ലാ ഉദ്യോഗസ്ഥന്മാർക്കും അങ്ങിനെ പ്രത്യേകം ആപ്പീസ്സുണ്ടാക്കി കൊടുക്കുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇപ്പോൾ ഡയറക്ടർ ഓഫ് പബ്ലിക്ക ഇൻസ്ട്രക്ഷൻ സ്ഥലത്തുണ്ടെങ്കിൽ അദ്ദേഹത്തെ കച്ചേരി നടത്തുന്ന സ്ഥലത്തുപോയി ആളകപ്പെടുക്കാണുവാൻ സൌകര്യമുണ്ടു്. അതുപോലെയുള്ള മറ്റു തത്വമനുസരിച്ചു പ്രവർത്തിക്കാമൊ എന്നാണു് ചോദിക്കുന്നതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൊച്ചിയിലെ എല്ലാ ഗവൺമെണ്ടുദ്യോഗസ്ഥന്മാർക്കും ആപ്പീസ്സു നടത്തുവാനുള്ള കെട്ടിടം ഉണ്ടാക്കിക്കൊടുക്കുവാൻ വേണ്ടുന്ന പണം ഇപ്പോൾ ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതു് എന്നേക്കുണ്ടാകും?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചിലവു ചുരുക്കാമൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ചിലവു ചുരുക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ ഡീവർ: റവന്യൂ ഇൻസ്പെക്ടർമാക്കു വാടകക്കു സ്ഥലമെടുത്തു താമസിക്കുവാൻവേണ്ടി അലവൻസു് കൊടുക്കുന്നുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: എറണാകുളത്തു മാത്രമെ അങ്ങിനെ അലവൻസു് കൊടുക്കുന്നുള്ളൂ. എല്ലാവക്കും അലവൻസു് കൊടുക്കുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: റവന്യൂ ഇൻസ്പെക്ടരുടെ ആപ്പീസ്സു് നടത്തുന്നതു് സക്കാർ വക വാടക കെട്ടിടത്തിൽ അല്ലെന്നാണൊ ഗവമ്മെണ്ടു പറയുന്നതു്? വീട്ടം കച്ചേരിയും ഒരു സ്ഥലത്തല്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വില്ലേജു് ആപ്പീസ്സു് സംബന്ധമായ കായ്യങ്ങൾക്കു് അയാൾ ആപ്പീസ്സിൽ പോകണം. മറ്റു കായ്യങ്ങളൊക്കെ നടത്തുന്നതു് അയാളുടെ വീട്ടിൽ വെച്ചാണു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: മറ്റു കായ്യങ്ങളെപ്പറ്റിയല്ല ചോദിക്കുന്നതു്, സക്കാർ കായ്യത്തെപ്പറ്റിയാണു്. അവിടെ ഇപ്പോഴത്തെ റവന്യൂ ഇൻസ്പെക്ടർവന്നു ചാർജ്ജെടുക്കുന്നതിനുമുമ്പു്, താസിൽദാർ അവിടെയല്ലെ താമസിച്ചിരുന്നതു്; അന്നു വില്ലേജു് ആപ്പീസ്സു് അവിടെയല്ലെ നടത്തിയിരുന്നതു്; ഇപ്പോഴത്തെ റവന്യൂ ഇൻസ്പെക്ടർ ചാർജ്ജെടുത്തതിനുശേഷമല്ലെ റവന്യൂ ഇൻസ്പെക്ടർ ആപ്പീസ്സു് വീട്ടിലേക്കു മാറിയതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇദ്ദേഹം ചാർജ്ജെടുക്കുമ്പോൾ താസിൽദാർ അവിടെ താമസിച്ചിരുന്നതായി അറിയുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: താസിൽദാർ ഈ കെട്ടിടത്തിൽ താമസമില്ല. എന്നാൽ ആപ്പീസ്സു് സമയം വിട്ടു് ആപ്പീസ്സു കടലാസ്സുകളും നോക്കുവാനും സൂക്ഷിപ്പാനും വേണ്ടി ഒരു മുറി ഉപയോഗിച്ചു വന്നിരുന്നു എന്നു പറഞ്ഞിട്ടുണ്ടു്. ആദ്യം താസിൽദാക്കു വേറെ വീടുണ്ടായിരുന്നുവൊ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ടായിരുന്നിരിക്കണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: തീച്ചു പറയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: തീച്ചു പറയുവാൻ സാധ്യമല്ല. മുമ്പു് താസിൽദാർ ഈ കെട്ടിടത്തിൽ വെച്ചാണു് കടലാസ്സുകളും നോക്കിയിരുന്നതു്, ഈ ചോദ്യം വന്നതിനുശേഷമാണു് കടലാസ്സുകളും വീട്ടിലേക്കു കൊണ്ടുപോയി തുടങ്ങിയതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇപ്പോഴത്തെ റവന്യൂ ഇൻസ്പെക്ടർ ചാർജ്ജെടുക്കുന്നതിനുമുമ്പുണ്ടായിരുന്ന റവന്യൂ ഇൻസ്പെക്ടർ സമ്മതിക്കാതിരുന്നതുകൊണ്ടല്ലെ താസിൽദാർ വേറെ വീട്ടിലേക്കു മാറിയതു്. അന്നു സൌകയ്യമായി വേറെ സ്ഥലമുണ്ടായിരുന്നു എന്നു പറയുന്ന വിടല്ലല്ലൊ ഇതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വീട്ടിൽ ഇരിക്കുന്ന സമയത്തുള്ള ചുറ്റുപാടുകളും കൊണ്ടു് ഔദ്യോഗികമായ കായ്യങ്ങൾക്കു വിലോപംകൂടാതെ നടത്തുന്നതിനുള്ള സാധ്യത വളരെ കുറഞ്ഞിരിക്കുമെന്നു ഗവമ്മെണ്ടു് മനസ്സിലാക്കീട്ടുണ്ടൊ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അതിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഇന്നത്തെ ഗവമ്മെണ്ടിന്റെ അഭിപ്രായത്തിൽ ഇതിൽ വളരെ ബുദ്ധിമുട്ടുകളും ഉണ്ടെന്നു ധരിച്ചിട്ടുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആപ്പീസ്സില്ലാത്ത സ്ഥിതിക്കു വീട്ടിൽവെച്ചു ആപ്പീസ്സുകായ്യം നോക്കുന്നതിനു വിരോധമുണ്ടെന്നു് തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വീട്ടിൽ വെച്ചു ആപ്പീസ്സു നടത്തിയാൽ ഔദ്യോഗിക പ്രവൃത്തികൾക്കു വീട്ടിലെ ചുറ്റുപാടുകളും ഒരിക്കലും അസ്വസ്ഥത വരുത്തുകയില്ലെന്നു് പറയുവാൻ ഗവമ്മെണ്ടിനു് സാധിക്കുമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അസ്വസ്ഥത ഉണ്ടെന്നു് പറയുവാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly